പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 52 29.05.2019 ലെ മറുപടിക്ക്

**കയർ ഉല്പന്നങ്ങളുടെ അന്താരാഷ്ട്ര മേള**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.എൻ. വിജയൻ പിള്ള | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും പ്രദർശനത്തിനും വിപണനത്തിനുമായി കയർ കേരള എന്ന പേരിൽ അന്താരാഷ്ട്ര മേള സംഘടിപ്പിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത മേളയിൽ ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തുവെന്ന് അറിയിക്കാമോ; | ബി) 2017-ൽ സംഘടിപ്പിച്ച 'കയർ കേരള -2017' മേളയിൽ ആസ്ട്രേലിയ, ബംഗ്ലാദേശ്, ബ്രസീൽ, കാനഡ, ചൈന, കൊളംബിയ, ചെക്ക് റിപ്പബ്ലിക്, ഈജിപ്റ്റ്, ഫ്രാൻസ്, ജർമ്മനി, ഗ്രീസ്, ഹോങ്കോങ്ങ്, ഇന്തോനേഷ്യ, അയർലന്റ്, ഇറ്റലി, ജപ്പാൻ, മൗറീഷ്യസ്, നേപ്പാൾ, നെതർലാന്റ്, പോളണ്ട്, ഖത്തർ, റഷ്യ, സൗദിഅറേബ്യ, സ്ലോവാക്ക് റിപ്പബ്ലിക്ക്, സ്ലോവാക്യ, സൗത്താഫ്രിക്ക, സ്പെയിൻ, ശ്രീലങ്ക, സ്വീഡൻ, തായ് വാൻ, യു.എ.ഇ, സൗത്ത് കൊറിയ, യു.കെ. എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. |
| സി) തൊഴിലുറപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജിയോ ടെക്സ്റ്റൈൽസ് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പ് വെച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | സി) കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കയർ വികസന വകുപ്പും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ, 2017 ഒക്ടോബറിൽ നടന്ന കയർ കേരളയിൽ ധാരണാപത്രം ഒപ്പ് വച്ചു. |

| | |
|---|---|
| | ഇതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 84,36,047 സ്ക്വ.മീ. കയർ ഭൂവസ്ത്രം വാങ്ങുന്നതിന് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ തുടങ്ങിയ ഏജൻസികൾക്ക് ഓർഡർ നൽകുകയും, മാർച്ച് 2019 വരെ 56,08,011 സ്ക്വ.മീ. കയർ ഭൂവസ്ത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയും, വിരിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി)പ്രസ്തുത സംരംഭത്തിൽ കയർ വ്യവസായത്തിൽ വർദ്ധിച്ച യന്ത്രവത്ക്കരണവും വിപുലീകരണവും ലക്ഷ്യമിട്ട് കയർ മേഖലയുടെ രണ്ടാം പുനഃസംഘടനയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) കയർ വ്യവസായത്തിൽ വർദ്ധിച്ച യന്ത്രവൽക്കരണവും വിപുലീകരണവും ലക്ഷ്യമിട്ട് കയർ മേഖലയുടെ രണ്ടാം പുനഃസംഘടനയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്.മിൽ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇത് നടപ്പിലാക്കി കഴിഞ്ഞു.<br>സംസ്ഥാനത്ത് ഇതിനോടകം 75 ഡി.എഫ് മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1000 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.<br>കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച കഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ പ്രോജക്ടിലെ ചേർത്തല തിരുനെല്ലൂർ സി.വി.എസ്.ലി.നം.721 ൽ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളേയും മെച്ചപ്പെട്ട രീതിയിൽ |

| | |
|---|---|
| | പ്രവർത്തിക്കുന്ന കയർ സംഘങ്ങളിൽ, 2019-20 വർഷത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് അവയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നു. കൂടാതെ നെതർലാൻഡിലെ Wageningen യൂണിവേഴ്സിറ്റി ലഭ്യമാക്കുന്ന നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കയർ പിത്തിൽ നിന്നും ബൈൻഡർലസ് ബോർഡ് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരികയാണ്.<br>കയർ ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിൽ, യന്ത്രവത്ക്കരണ പദ്ധതിയിൽ, കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വാസ്റ്റിക്ക് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. കയർ ഭൂവസ്ത്രം പരമ്പരാഗത പായ തറികളിൽ നെയ്യുന്നതിനെയാണ് പ്രോത്സാഹിപ്പിക്കുന്നത്. പരമ്പരാഗത മേഖലയിലെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടാണ് യന്ത്രവത്ക്കരണം നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ